**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 505** **09-08-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനകാരുടെയും പെൻഷൻകാരുടെയും ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2021 ജനുവരി മുതൽ 2023 ജൂലൈ വരെ സംസ്ഥാന സർക്കാർ ജീവനകാർക്കും പെൻഷൻകാർക്കും എത്ര ശതമാനം കുടിശ്ശിക ഡി.എ നൽകുവാനുണ്ട്; ഉണ്ടെങ്കിൽ എന്ത് കാരണത്താലാണ് കുടിശ്ശിക നൽകാത്തത് എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന സർക്കാർ ജീവനകാർക്കും പെൻഷൻകാർക്കും 01.01.2021 മുതലുള്ള ക്ഷാമബത്ത/ ക്ഷാമാശ്വാസകുടിശ്ശിക എത്ര ശതമാനമാണെന്ന് കണക്കാക്കിയിട്ടില്ല. ക്ഷാമബത്ത/ ക്ഷാമാശ്വാസം അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്. |
| (ബി) | 2019 -ൽ നടപ്പിലാക്കിയ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി സർക്കാർ നൽകിയ ഉറപ്പ് പ്രകാരം പേ-റിവിഷൻ അരിയർ നൽകി തുടങ്ങിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പേ-റിവിഷൻ അരിയർ അനുവദിക്കുന്നതിന് പുതിയ നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി) | ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക 25% വീതം നാല് ഗഡുക്കളായി 01.04.2023, 01.10.2023, 01.04.2024, 01.10.2024 തീയതികളിലായി അവരുടെ പി.എഫിൽ അടവാക്കുമെന്ന് ശമ്പള പരിഷ്കരണ ഉത്തരവിന്റെ ഖണ്ഡിക 43-ൽ പരാമർശിച്ചിരുന്നു. തുടർന്ന് 01.07.2019 മുതൽ വിരമിച്ചിട്ടുള്ളതും വിരമിക്കലിനു മുന്നോടിയായി 30.04.2021 നു മുമ്പായി പി.എഫ്. ക്ലോസ് ചെയ്തിട്ടുള്ളതുമായ ജീവനക്കാർക്ക് 2021 മെയ് മാസത്തെ ശമ്പളത്തോടൊപ്പം / ജൂൺ മാസത്തെ പെൻഷനോടൊപ്പം ശമ്പള പരിഷ്കരണ കുടിശ്ശിക ഒറ്റത്തവണയായി അനുവദിക്കാനായി സർക്കാർ 30.04.2021-ലെ സ.ഉ.(അ)നം.70/2021/ധന. ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവിന് വിധേയമായി ജീവനക്കാർ ശമ്പള പരിഷ്കരണ കുടിശ്ശിക മാറിയെടുത്തിട്ടുണ്ട്. സർവ്വീസിലിരിക്കുന്ന ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ആദ്യ ഗഡു പി.എഫ്. അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് നീട്ടിവെച്ചുകൊണ്ട് 30.03.2023-ലെ സ.ഉ (അ) നം.31/2023/(34)/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | നിത്യോപയോഗ സാധനങ്ങളുടേയും, ഇന്ധന വിലയുടേയും, മറ്റു മേഖലകളിലേയും വിലക്കയറ്റം പരിഗണിച്ച് ജീവനകാർക്ക് നൽകേണ്ട അർഹമായ ആനുകൂല്യം അനുവദിക്കുന്ന കാര്യം പരിഗണിക്കാമോ; | (സി) | ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ചു കൊണ്ട് ഉചിതമായ തീരുമാനം കൈകൊള്ളുന്നതാണ്. |
| | | | |

| | | | |
|---|---|---|---|
| (ഡി) | പെൻഷൻകാർക്ക് നൽകേണ്ട പെൻഷൻ റിവിഷൻ അരിയർ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; അടിയന്തിരമായി ഡി.എ കുടിശിക, പെൻഷൻ റിവിഷൻ അരിയർ എന്നിവ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് സംസ്ഥാന സർവ്വീസ് പെൻഷൻകാർ ഉൾപ്പെടെയുള്ള പെൻഷൻകാരുടെ പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ (പെൻഷൻ, കുടുംബ പെൻഷൻ, ഡി.സി.ആർ.ജി., ടെർമിനൽ സറണ്ടർ മുതലായവ) മൂന്നും നാലും ഗഡുക്കൾ യഥാക്രമം 2022-2023 സാമ്പത്തിക വർഷത്തിലും 2023-2024 സാമ്പത്തിക വർഷത്തിലും വിതരണം ചെയ്യുവാൻ 02.12.2021 ലെ സ.ഉ (അച്ചടി) നം.162/2021/ധന പ്രകാരം ഉത്തരവായിരുന്നു. എന്നാൽ സംസ്ഥാനത്ത് ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനു അവലംബിച്ചുവരുന്ന വ്യക്തമായ റോഡ് മാപ്പിന്റെ അടിസ്ഥാനത്തിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നി നിന്നുകൊണ്ടുള്ള നടപടികളിലൂടെയും സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനു യുക്തിഭദ്രമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നതിന്റെ ഫലമായി പെൻഷൻ പരിഷ്കരണ കുടിശ്ശിക, ക്ഷാമാശ്വാസ കുടിശ്ശിക എന്നിവയുടെ മൂന്നും നാലും ഗഡുക്കൾ വിതരണം ചെയ്യുന്നത് 2023-2024 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ ധനസ്ഥിതിയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണെന്ന് 17.02.2023 ലെ സ.ഉ (അച്ചടി) നം.15/2023/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ